MACTA  തിരക്കഥ രചന മത്സരം -2025
======================================================
malayalam cine technicians association [MACTA ]
—--------------------------------------------------------------------
ദേശീയ തലത്തിൽ പുതിയ എഴുത്തുകാർ ക്കായി സംഘടിപ്പിക്കുന്ന “തിരക്കഥ രചന മത്സരം “
—-----------------------------------------------------------------------------
നിബന്ധനകൾ
—-------------------

1 .ഈ മത്സരം പുതിയ  എഴുത്തുകാരെ മലയാള സിനിമ ക്കു പരിചയപ്പെടുത്തുന്നതിനും ,മലയാള സിനിമയിൽ നിന്നും നഷ്ടപ്പെട്ടു പോകുന്ന മലയാള തനിമയെ തിരിച്ചു കൊണ്ട് വരുന്നതിനും വേണ്ടിയുള്ള എളിയ ശ്രമമാണ് .പ്രായ വ്യത്യാസമില്ലാതെ ആർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്

2  .സൃഷ്ടി മൗലീകമായിരിക്കണം ,അത് വ്യക്തമാക്കേണ്ടത് മത്സരാർഥിയുടെ ഉത്തരവാദിത്തമായിരിക്കും ,ഭാവിയിൽ ഇതിന്‌ടെ അവകാശത്തെ ചൊല്ലി ഏതെങ്കിലും വിധത്തിലുള്ള അവകാശ തർക്കങ്ങളോ ,കോടതി വ്യവഹാരങ്ങളോ ഉണ്ടായാൽ അതിന്‌ടെ പരിപൂർണ ഉത്തരവാദി താൻ മാത്രമായിരിക്കും എന്ന് നിശ്ചിത ഫോമിൽ എഴുതി നല്കേണ്ടതാണ് .

3 . .A 4 -പേപ്പറിൽ ഒരു പുറത്തിൽ വൃത്തിയായി DTP ചെയ്ത് സ്പൈറൽ ബൈൻഡ് ചെയ്തു വേണം രചന അയക്കുവാൻ . ഇതോടൊപ്പം ഒരു STEP OUT LINE [ONE LINE ]കൂടി ചേർക്കുന്നത് നന്നായിരിക്കും

4  .നിലവിൽ ചെയ്തു വരുന്ന തിരക്കഥ രജിസ്ട്രേഷൻ രീതികൾ ചെയ്തു വേണം സൃഷ്ടി അയക്കുവാൻ [നിങ്ങളുടെ ഈമെയിലിലേക്കു തന്നെ സമയ കാലങ്ങൾ കൃത്യമായി രേഖപ്പെടുത്തി അയക്കുക ,പോസ്റ്റ് വഴി കൃത്യമായി ബൈൻഡ് ചെയ്ത് നിങ്ങളുടെ മേൽ വിലാസത്തിലേക്ക് തന്നെ സ്ക്രിപ്റ്റ് അയച്ചു സൂക്ഷിക്കുക ,http;//copyright.gov.in/ എന്ന copyright office ഇൽ രജിസ്റ്റർ ചെയ്യുക ,പ്രാദേശിക പ്രസിദ്ധികരണത്തിൽ കഥയായി പ്രസിദ്ധീകരിക്കുക ]

5 .ഇത്തരത്തിലുള്ള യാതൊരു മുൻകരുതലും എടുക്കാതെ രചന അയച്ച ശേഷം പിന്നീട് സംഘടനക്ക് നേരെ ആരോപിക്കുന്ന പരാതികൾക്ക് നിയമ പരിരക്ഷ ഉണ്ടായിരിക്കുന്നതല്ല എന്ന് ഓർമിപ്പിക്കട്ടെ

6 .മത്സരത്തിനും ,വിജയികളെ തിരഞ്ഞെടുത്തു പുരസ്കാരങ്ങൾ നൽകിയതിനുശേഷം [മത്സരത്തിന്റെ എല്ലാ നടപടി ക്രമങ്ങളും പൂർത്തിയായി ,ഒരു മാസത്തിനകം ]മതിയായ രേഖകളോടെ വന്നു നിങ്ങളുടെ സ്ക്രിപ്റ്റ് -തിരികെ സ്വീകരിക്കാവുന്നതാണ് .

7 .തിരക്കഥ മത്സരം പ്രഖ്യാപിക്കുന്ന തിയതി[2025 -october ഒന്നാം തിയതി ] മുതൽ മൂന്നു മാസത്തിനുള്ളിൽ [2025 -ഡിസംബർ -31 ]സ്ക്രിപ്റ്റുകൾ സമർപ്പിക്കേണ്ടതാണ് ,വൈകി വരുന്ന സൃഷ്ടികൾ സ്വീകരിക്കുന്നതല്ല .

8 .ചലച്ചിത്ര സംവിധായകർ ,തിരക്കഥാകൃത്തുക്കൾ ,ഛായാഗ്രാഹകർ ,പ്രൊഡക്ഷൻ കൺട്രോളർ തുടങ്ങിയ സിനിമ മേഖലയിലെ പ്രമുഖർ അടങ്ങുന്ന പാനൽ ആയിരിക്കും സ്ക്രിപ്റ്റുകൾ വായിച്ചു വിജയികളെ തിരഞ്ഞെടുക്കുക .

9 .അഞ്ചു പേർ അടങ്ങുന്ന പ്രാഥമിക ജൂറി ,ഏഴു പേർ അടങ്ങുന്ന രണ്ടാം വട്ട ജൂറി ,പത്തു പേരുടെ ഫൈനൽ ജൂറി ആയിരിക്കും വിധി നിർണയിക്കുക ,ഈ വിധി നിർണയം അന്തിമമായിരിക്കും .

10 .വിധി നിർണയം പരിപൂർണ മായും സുതാര്യമായിരിക്കും ,വ്യക്തി താല്പര്യങ്ങളോ ബന്ധങ്ങളോ ഒന്നും ഇതിൽ പരിഗണന ക്കു കാരണ മാകില്ല ,തിരക്കഥയുടെ മികവ് മാത്രം .

11 .ഒന്നും രണ്ടും സ്ഥാനം നേടുന്ന രചനകൾ മലയാള സിനിമ നിർമാതാക്കൾ ,സംവിധായകർ എന്നിവരുടെ മുന്പാകെ അവതരിപ്പിക്കാൻ മാക്സ് അവസരം ഒരുക്കുന്നതായിരിക്കും

12 .ഏറ്റവും മികച്ച ഒന്നും ,രണ്ടും സ്ഥാനങ്ങൾ നേടുന്ന തിരക്കഥക്കൾക്ക് മാക്ട -ഫലകവും ,യോഗ്യത പത്രവും ,ക്യാഷ് അവാർഡും ഒരു പ്രൗഢ സദസ്സിനു മുൻപാകെ നൽകുന്നതായിരിക്കും

13 .ഏതെങ്കിലും കാരണവശാൽ ലഭിച്ച തിരക്കഥകൾ പ്രതീക്ഷിച്ച മികവ് പുലർത്താത്ത സാഹചര്യം സംജാത മായാൽ പ്രോത്സാഹന സമ്മാനങ്ങൾ മാത്രമാകും ലഭിക്കുക .

14 .90 മിനിറ്റ് മുതൽ 120 -മിനിറ്റ് വരെ പ്രദർശന സമയം വരാവുന്ന തരത്തിലുള്ള ഫീച്ചർ ഫിലിം നു ള്ള തിരക്കഥകൾ ആണ് എഴുതേണ്ടത് ഷോട്ട് ഫിലിം തിരക്കഥയല്ല .

15 .സൃഷ്ടിയോടൊപ്പം രജിസ്ട്രേഷൻ ഫീസ് രൂപ -2000 -/
FEDERAL BANK EKM NORTH BRANCH
ACCOUNT NUMBER ;10040200018020,
ACCOUNT  NAME -MALAYALAM CINE TECHNICIANS ASSOCIATION
IFSC CODE -FDRL0001004-
എന്ന ബാങ്ക് അക്കൗണ്ടിൽ അയക്കുക .

16  .സ്ക്രിപ്റ്റിന്ടെ ഹാർഡ് കോപ്പി ആണ് അയക്കേണ്ടത്
17 . ,അയക്കേണ്ട വിലാസം -MALAYALAM CINE TECHNICIANS ASSOCIATION [MACTA ],VATTOLY ESTATE ,2 nd   FLOOR ,ST.VINCENT ROAD ,ERNAKULAM ,KOCHI -[-682018,PH;8590396117 “മാക്ട തിരക്കഥ രചന മത്സരം -2025 -എന്ന് കവറിന്റെ മുകളിൽ എഴുതിയിരിക്കണം .-,—------------------------------------
18 . .ഈ മത്സരത്തിൽ മാക്ട ഭരണ സമിതിയിലെ അംഗങ്ങളോ .     കുടുംബാംഗങ്ങളോ പങ്കെടുക്കുവാൻ പാടുള്ളതല്ല മറ്റു മാക്ട  ആക്റ്റീവ് , അസ്സോസിയേറ്റ് അംഗങ്ങൾക്ക് ഇതിൽ പങ്കെടുക്കാവുന്നതാണ് .

| | |
|---|---|
| ചെയർമാൻ | ജനറൽ സെക്രട്ടറി |
| ============= | ================== |
| ജോഷി മാത്യു | ശ്രീകുമാർ അരൂക്കുറ്റി |

കൂടുതൽ വിവരങ്ങൾ അറിയാൻ വിളിക്കു
mob ; , ,8089260771 ,9447485388 ,9946641888

============================================================